"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അഫ്സൽ.എൻ.സി., ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1133/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2739/2023/H&FWD തീയതി,തിരുവനന്തപുരം, 19-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. ഡോ.അഫ്സൽ.എൻ.സി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A6)
3. OA(EKM) No.1133/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2 0 2 3 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ .അഫ്സൽ.എൻ.സി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും , ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1133/2023 ഫയൽ ചെയ്യുകയും ഉണ്ടായി . അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ട്രൈബ്യൂണൽ നിർദ്ദേശം നൽകി .

2 ) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2 0 2 3 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം ( 4 ) പ്രകാരം

രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം ( 2 ) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപ്പീലിലെ അപേക്ഷ:

നാല് വർഷമായി കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നു. കരട് ലിസ്റ്റിൽ ഒന്നാം ഓപ്ഷനായ വയനാട് മീനങ്ങാടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഉൾപ്പെടുത്തി. അന്തിമ ഉത്തരവിൽ സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റി. ഓപ്ഷൻ നൽകിയ വൈത്തിരി താലൂക്ക് ആശുപത്രി ഒഴിഞ്ഞു കിടക്കുന്നു. ഓപ്ഷൻ നൽകിയ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ സ്ഥലംമാറ്റം അനുവദിക്കണം.

4 ) കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെയാണ് ഡോ.അഫ്സൽ.എൻ.സി. അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയിൽ ഒന്നാമതായി തിരഞ്ഞെടുത്ത മീനങ്ങാടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 09/08/2016 മുതൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.നിമ്മി.ഇ.ജെ. ജോലി ചെയ്തു വരുന്നു. ടിയാൾ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ഡോ.നിമ്മി.ഇ.ജെ.-യെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി പകരം ഡോ.അഫ്സൽ.എൻ.സി.-യെ സാമൂഹികാരോഗ്യ കേന്ദ്രം, മീനങ്ങാടിയിൽ നിയമിക്കുന്നതിനായി കമ്മിറ്റി തീരുമാനിച്ചു

5 ) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് മീനങ്ങാടി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.നിമ്മി.ഇ.ജെ.-യെ സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി പകരം ഡോ.അഫ്സൽ.എൻ.സി.-യെ സാമൂഹികാരോഗ്യ കേന്ദ്രം, മീനങ്ങാടിയിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6 ) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1133/2023-ന്മേലുള്ള 10.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട്.
Dr.Afsal.N.C., Junior Consultant (Paediatrics), Nellikkottuchalil House, PWD Office Road, Kalpetta, Wayanad - 673 121.
ഡോ.നിമ്മി.ഇ.ജെ., ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), സാമൂഹിക ആരോഗ്യ കേന്ദ്രം, മീനങ്ങാടി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 19-10-2023 18:04:27
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-5160/2023/ആ.വ.ഡ, തീയതി 21.10.2023.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.